LIBRARY ARCHIVES Kerala Legislative Assembly

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരകർഷകർക്ക് 2014-15 വർഷത്തിൽ കാലിത്തീറ്റയ്ക്ക് സബ്സിഡി ഇനത്തിൽ ഏകദേശം 10 കോടി രൂപയോളം നൽകിയിട്ടുണ്ട്. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി തിരുവനന്തപുരം മേഖലാ യൂണിയൻ ക്ഷീരകർഷകർക്കായി മിനി ഡെയറി സ്കീമും പശുക്കളെയും കിടാരികളെയും വാങ്ങുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി എറണാകുളം മേഖലാ യൂണിയൻ കന്നുക്കുട്ടി പരിപാലന പദ്ധതി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവ നടപ്പിലാക്കിവരുന്നു. മലബാർ മേഖലാ യൂണിയൻ, ഉൽപ്പാദനച്ചെലവ് കുറച്ച് കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്നതിനും പശുക്കളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ ഉപാധികൾ കർഷകരിലേയ്ക്ക് എത്തിച്ചു നൽകുന്നതിലൂടെ കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സമീകൃത കാലിത്തീറ്റ, വയ്ക്കോൽ, പച്ചപ്പുല്ല്, ബദൽ തീറ്റ വിതരണം, ഫാം സപ്പോർട്ട് പദ്ധതിയിൽ സബ്സിഡിയോടെ ഫാം ഉപകരണങ്ങൾ വിതരണം, കിടാരി പരിപാലന പരിപാടി, ഗ്രാമപ്രദേശങ്ങളിൽ കൃത്രിമബീജദാന സംവിധാനം, പശുക്കളെ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പ സൗകര്യം എന്നിവ നൽകുന്നുണ്ട്.

സംസ്ഥാനത്തെ പാലുൽപ്പാദനം

63 (1431) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആവശ്യമായ പാലിന്റെ എത്ര ശതമാനമാണ് ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആവശ്യമായതിന്റെ ഏകദേശം 80 ശതമാനത്തോളം ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കിയിട്ടുണ്ട്.

(ബി) പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ക്ഷീരവികസന വകുപ്പ്, ക്ഷീരകർഷകർക്ക് ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിന് സബ്സിഡി

അനുവദിക്കുന്ന എം.എസ്.ഡി.പി., തീറ്റപ്പുൽകൃഷി വികസന പദ്ധതി, സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുന്ന കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, പാലുൽപ്പാദനത്തിന് സാധ്യത കൂടുതലുള്ള പ്രദേശങ്ങളിലെ ക്ഷീരഗ്രാമം പദ്ധതി എന്നിവ നടപ്പിലാക്കുന്നുണ്ട്.

പാലുൽപ്പാദനത്തിൽ വർദ്ധനവ് ലക്ഷ്യമിട്ട് മിൽമയുടെ മേഖലാ യൂണിയനുകൾ സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകളുടെ ധനസഹായത്തോടുകൂടിയും മിനി ഡെയറി സ്കീം, പശുക്കളേയും കിടാരികളേയും വാങ്ങുന്നതിനുള്ള പദ്ധതികൾ, കന്നുക്കുട്ടി പരിപാലന പദ്ധതി, മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, സമീകൃത കാലിത്തീറ്റ, വയ്ക്കോൽ, പച്ചപ്പുല്ല്, ബദൽ തീറ്റ വിതരണം, ഫാം സപ്പോർട്ട് പദ്ധതിയിൽ സബ്സിഡിയോടെ ഫാം ഉപകരണങ്ങൾ, കിടാരി പരിപാലന പരിപാടി, ഗ്രാമപ്രദേശങ്ങളിൽ കൃത്രിമ ബീജദാന സംവിധാനം, പശുക്കളെ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പ സൗകര്യം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കൂടാതെ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡിയും നൽകുന്നുണ്ട്.

ക്ഷീരകർഷകരെ തൊഴിലുറപ്പുപദ്ധതിയുടെ പരിധിയിൽപ്പെടുത്തുന്നതിന് നടപടി

64 (1432) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷകരെ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 പ്രകാരം മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളായ തൊഴുത്ത്,

LIBRARY ARCHIVES Kerala Legislative Assembly